**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 841** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത എത്ര ഹൈസ്കൂളുകളാണ് സംസ്ഥാനത്തുള്ളതെന്ന് അറിയിക്കാമോ; ഈ സ്കൂളുകളിൽ ഇംഗ്ലീഷ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതെങ്ങനെയാണെന്ന് വിശദമാക്കാമോ; | (എ) | 353. ഹൈസ്കൂൾ വിഭാഗത്തിൽ മിനിമം 5 ഡിവിഷൻ ഉണ്ടെങ്കിൽ മാത്രമേ ഇംഗീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുകയുള്ളൂ. 5 ഡിവിഷനിൽ കുറവുള്ള ഹൈസ്കൂളുകളിൽ മറ്റദ്ധ്യാപക-രാണ് ഇംഗീഷ് പഠിപ്പിക്കുന്നത്. |
| (ബി) | ഇംഗ്ലീഷ് പഠിപ്പിക്കുവാൻ യോഗ്യതയുള്ള പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികൾ നിലനിൽക്കുമ്പോൾ മറ്റു വിഷയങ്ങളിൽ യോഗ്യതയുള്ളവർ ഹൈസ്കൂൾ ക്ലാസ്സുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സാഹചര്യം ഉണ്ടാകുന്നത് മൂലം കുട്ടികളുടെ ഇംഗ്ലീഷിലുള്ള നിലവാരം കുറയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത ഹൈസ്കൂളുകളിൽ പ്രസ്തുത തസ്തിക അടിയന്തരമായി സൃഷ്ടിക്കാൻ നടപടിയെടുക്കുമോ എന്ന് വിശദമാക്കുമോ? | (സി) | KER വ്യവസ്ഥകൾക്ക് വിധേയമായി 5 ഡിവിഷനുള്ള ഹൈസ്കൂളുകളിൽ മാത്രമേ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. 5-ൽ കുറവ് ഡിവിഷനുകളുള്ള ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ നിലവിൽ ചട്ടമില്ല. 5-ൽ കുറവ് ഡിവിഷനുകളുള്ള ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ